## സെന്റ്. തോമസ് കാതോലിക്കേറ്റ് സെന്റർ മീമ്പാറ

കണ്ടനാട് ഭദ്രാസനത്തിന്റെ മുൻ മെത്രാപ്പോലീത്ത അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനി തന്റെ ആസ്ഥാനമായിരുന്ന വെട്ടിക്കൽ ദയറായിൽ താമസിച്ചിരുന്ന കാലത്ത് ആർജ്ജിച്ചതാണ് ഈ കാതോലിക്കേറ്റ് സെന്ററിനുള്ള നാല് ഏക്കർ സ്ഥലം. ഭദ്രാസന ആസ്ഥാനമായി നിർമ്മിച്ച ഈ ചാപ്പലിന്റെ വി. കൂദാശ നിർവ്വഹിച്ചത് 31.10.1989 ൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ആയിരുന്നു. കണ്ടനാട് ഭദ്രാസനത്തിന്റെ ഓഫീസും മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ ഓഫീസും മറ്റ് ഓഫീസുകളും സജീവമായി ഈ അരമനയിൽ 1922 മുതൽ 2013 വരെ പ്രവർത്തിച്ചു വന്നു. ഇപ്പോൾ അവയെല്ലാം കോലഞ്ചേരി പ്രസാദം സെന്ററിൽ പ്രവർത്തിക്കുന്നു.

1991 ആഗസ്റ്റ് മാസം 19 ന് അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനി കാലം ചെയ്തു. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുവാൻ മീമ്പാറ സെന്റ്. തോമസ് കാതോലിക്കേറ്റ് സെന്റർ സ്ഥിതിചെയ്യുന്ന സ്ഥലത്തിന് മാർ പക്കോമിയോസ് മൗണ്ട് എന്ന് സഭ നാമകരണം ചെയ്തു. ഇവിടെയാണ് 1992 മുതൽ കണ്ടനാട് ഭദ്രാസന ആസ്ഥാനവും അരമനയും പ്രവർത്തിച്ച് വരുന്നത്. 2002ൽ ഭദ്രാസന പുനഃർ വിഭജനം നടന്നപ്പോൾ ഇവിടം കണ്ടനാട് വെസ്റ്റ് ഭദ്രാസന അരമനയും ഓഫീസ് കേന്ദ്രങ്ങളുമായി തീർന്നു. 2013 സെപ്തംബർ മാസത്തിൽ കോലഞ്ചേരി പ്രസാദം സെന്റർ പണി പൂർത്തിയായപ്പോൾ ഭദ്രാസന ഓഫീസ് സമുച്ചയങ്ങൾ അങ്ങോട്ടു മാറ്റി. മാർ പക്കോമിയോസ് മൗണ്ടിൽ തന്നെയാണ് ഭദ്രാസന അരമന കൂടാതെ പ്രമോദം അന്നദാന പദ്ധതിയുടെ നടത്തിപ്പ് കേന്ദ്രവും ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്.

മാർ പക്കോമിയോസ് മൗണ്ട്, സെന്റ്. തോമസ് കാതോലിക്കേറ്റ് സെന്ററിൽ നീറാംമുകൾ, പൂതൃക്ക, കുറിഞ്ഞി, പുത്തൻകുരിശ്, വെട്ടിത്തറ എന്നീ ഇടവകകളിലെ ഇടവകക്കാർ കൂടി വരുന്നു. ഈ സ്ഥാപനത്തിന്റെ മാനേജരും വികാരിയും റവ.ഡോ. ഫാ.ഒ.പി. വർഗീസ് ആണ്.